# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3021.

19-06-2018 ൽ മറുപടിയ്ക്ക്

## ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആരംഭിച്ച നെൽകൃഷി

**ചോദ്യം**

ശ്രീ.വി.ടി.ബൽറാം
,, പി.ടി. തോമസ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അധികമായി നെൽകൃഷി ആരംഭിച്ച കൃഷിയിടങ്ങളിൽ നാളിതുവരെ എത്രപ്രാവശ്യം വിളവെടുപ്പ് നടത്തിയിട്ടുണ്ടെന്നും എത്ര ക്വിന്റൽ നെല്ല് ഓരോ പ്രാവശ്യവും ഈ സ്ഥലങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ നെൽകൃഷിയുടെ വിസ്തൃതി 196870 ഹെക്ടർ ആയിരുന്നത് സർക്കാരിന്റെ ശക്തമായ ഇടപെടലിനെ തുടർന്ന് രണ്ട് വർഷം കൊണ്ട് 220449 ഹെക്ടറായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് 549275 ടൺ അരി ഉല്പാദിപ്പിച്ചപ്പോൾ 2017-18 സാമ്പത്തിക വർഷം ഉല്പാദനം 617260 ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. അഞ്ച് വർഷം കൊണ്ട് നെൽകൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

**സെക്ഷൻ ഓഫീസർ**